# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3190** **24-02-2016-ൽ മറുപടിയ്ക്ക്**

## ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിലെ ലോട്ടറി വിതരണം

| | ചോദ്യം<br><br>ശ്രീ. ജി. സുധാകരൻ | | മറുപടി<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിൽ ചെറുകിട കച്ചവടക്കാർക്ക് ലോട്ടറി നൽകുന്നില്ല എന്നതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ ; | (എ) | ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്നും ചെറുകിട ഏജന്റുമാർക്ക് ആവശ്യത്തിന് ടിക്കറ്റ് ലഭ്യമാകുന്നില്ലെന്നും, ചില വൻകിട ഏജന്റുമാർക്ക് മാത്രമാണ് ടിക്കറ്റ് നൽകുന്നതെന്നുമുള്ള, ഏജന്റുമാർ ഒപ്പിട്ട ഒരു പരാതി കേരള ലോട്ടറി വ്യാപാരി സമിതി യൂണിയൻ സെക്രട്ടറി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, 06.11.2015-ന് ഭാഗ്യക്കുറി വകുപ്പ് അഡീഷണൽ ഡയറക്ടർ ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്നും ചെറുകിട കച്ചവടക്കാർക്ക് ലോട്ടറി ടിക്കറ്റ് കൂടുതൽ ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചതിനെത്തുടർന്ന് മേജർ ഏജന്റുമാർ എടുക്കുന്ന ടിക്കറ്റുകളിൽ കുറവ് വരുത്തി പരാതിക്കാർക്ക് ടിക്കറ്റുകൾ നൽകി പരാതി പരിഹരിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | 2016 ജനുവരി 4-ാം തീയതി ജില്ലാ ലോട്ടറി ഓഫീസിൽനിന്ന് ആർക്കെല്ലാം ലോട്ടറി നൽകി; പട്ടിക ലഭ്യമാക്കാമോ; ഈ ദിവസം ലോട്ടറി ലഭിച്ചില്ല എന്നതു സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; വിശദമാക്കാമോ? | (ബി) | 04.01.2016-ലെ Sales Report അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>04.01.2016-ന് ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്ന് ടിക്കറ്റ് ലഭിച്ചില്ല എന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. |

Jeyanth

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്